പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **01.07.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ: *481**

**വ്യവസായ സംരംഭകരോടുളള സമീപനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.പി.ടി. തോമസ് :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന് നടത്തിയ നിയമ നിർമ്മാണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായും അനുമതികൾ അതിവേഗം ലഭ്യമാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകളിലെ നിലവിലെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ് 2018 സർക്കാർ പുറപ്പെടുവിച്ചു.<br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം (K-SWIFT), വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. . ഈ ഏകീകൃത അപേക്ഷ ഫോറവും അതിന്റെ ഓൺലൈൻ സംവിധാനവും നിലവിൽ വന്നതിനാൽ വ്യവസായ സംരംഭകർക്ക് 14 വകുപ്പുകളിൽ നിന്നുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്.<br>വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകൾ ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ. പി. എഫ്. സി) സംസ്ഥാന തലത്തിലും |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽ നിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷന് (സ്വയം സാക്ഷ്യപ്പെടുത്തൽ), വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കാനാകും എന്നതാണ് ഇതുമുഖാന്തിരം വ്യവസായ രംഗത്ത് വന്നിട്ടുള്ള പ്രധാനമാറ്റങ്ങൾ.<br>സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന് നടത്തിയ നിയമനിർമ്മാണങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി, സർക്കാർ 150 ൽ പരം പ്രചരണ പരിപാടികളാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത പരിപാടികളിൽ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 പുതിയതായി ആരംഭിച്ച ഓൺലൈൻ ഏകജാലക സംവിധാനം (കെസിഫ്റ്റ്), ഇൻവെസ്റ്റ് കേരള പോർട്ടൽ, കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി) എന്നിവയെക്കുറിച്ചുള്ള വിശദമായ ബോധവൽക്കരണം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സംരംഭകർ, വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർക്ക് പരിശീലന പരിപാടികളിലുടനീളം സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വ്യവസായ സൗഹൃദ പദ്ധതികളെക്കുറിച്ച് ലഘുലേഖകൾ, പ്രചരണപത്രികകൾ എന്നിവയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | National Council of Applied Economic Research എന്ന ന്യൂഡൽഹി ആസ്ഥാനമായ സ്ഥാപനം 2016 മുതൽ ഇന്ത്യയിലെ ഓരോ സംസ്ഥാനത്തും നിലനിൽക്കുന്ന State Investment Potential Index കണക്കാക്കുന്നതിനും വേണ്ടി പഠനം നടത്തുന്നുണ്ട്. ആറു ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പഠനം നടത്തി ഓരോ സംസ്ഥാനത്തിന്റേയും റാങ്ക് നിശ്ചയിക്കുന്നത്. Land, Labour, Infrastructure, Economic Climate, Political Stability & Governnance എന്നിവയാണ് മേൽ സൂചിപ്പിച്ച ആറു ഘടകങ്ങൾ. 21 സംസ്ഥാനങ്ങളിൽ നടത്തിയ പഠനത്തിൽ കേരളം ആറാം സ്ഥാനത്താണ്. ഒന്നാം സ്ഥാനത്ത് ഡൽഹിയും രണ്ടാം സ്ഥാനത്ത് തമിഴ്നാടും ആണുള്ളത്. 2016 ൽ കേരളം 10-ാം സ്ഥാനത്തായിരുന്നത് 2017 ൽ 7-ാം സ്ഥാനത്തും 2018 ൽ 6-ാം സ്ഥാനത്തും എത്തി. ഈ സർക്കാരിന്റെ ഭരണകാലത്ത് ഇപ്രകാരം 10-ാം സ്ഥാനത്ത് നിന്നും 6-ാം സ്ഥാനത്തേയ്ക്ക് ഉയർത്താൻ കഴിഞ്ഞു എന്നുള്ളത് അടിസ്ഥാനകരമായ നേട്ടമായി കാണുന്നു.<br><br>Land നെ സംബന്ധിച്ച് മൊത്തമായി നടത്തിയ പഠനത്തിൽ, ~~കേരളം~~ ലാൻഡ് റെക്കോർട്സ് ഡിജിറ്റൈസ് ചെയ്തതിൽ കേരളം ഒന്നാം സ്ഥാനത്തും വ്യവസായ പാർക്കുകളുടെ സംഗതിയിൽ കേരളം രണ്ടാം സ്ഥാനത്തും ആണ് ഉള്ളത്. |
| ബി) | പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള നിയമങ്ങളിലും ചട്ടങ്ങളിലും ഇളവുനൽകിയെന്ന് അവകാശപ്പെടുമ്പോഴും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകേണ്ട അധികാരികൾ തന്നെ വിലങ്ങുതടിയാകുന്നത് കാരണം പ്രവാസികളടക്കമുള്ള സംരംഭകർ | (ബി) | ഈ അടുത്ത കാലത്ത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത നിർഭാഗ്യകരമായ സംഭവത്തിന്റെ യഥാർത്ഥ കാരണം അന്വേഷിച്ചു വരികെയാണ് .<br><br>ഒറ്റപ്പെട്ട സംഭവങ്ങൾ ഇത്തരത്തിൽ പർവ്വതീകരിച്ച് നടത്തുന്ന പ്രചരണ വേലകൾ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം |

| | | | |
|---|---|---|---|
| | ആത്മഹത്യ ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | വർദ്ധിക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നതിനും സാദ്ധ്യതയുണ്ട്. |
| (സി) | പുതുതായി വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ചില പഞ്ചായത്തുകൾ/ മുനിസിപ്പാലിറ്റികൾ തടസമായി നിൽക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന വ്യവസായ സൗഹൃദ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിലാക്കി വരുകയാണ്. ആയതിനാൽ നിലവിൽ ചെറിയതടസ്സങ്ങൾ അനുഭവപ്പെട്ടാലും വരും കാലങ്ങളിൽ പൂർണ്ണ രൂപത്തിലുള്ള ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സംസ്ഥാനത്ത് രൂപപ്പെടും. |
| (ഡി) | അധികാരികളുടെ സമീപനം കാരണം വ്യവസായ സംരംഭകർ ആത്മഹത്യ ചെയ്യുന്നത് സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിനെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ